പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.4251

25.06.2018 -ലെ മറുപടിയ്ക്ക്

## പൂട്ടിക്കിടക്കുന്ന തേയില തോട്ടങ്ങളിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.ഇ.എസ്. ബിജിമോൾ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) പീരുമേട് നിയോജക മണ്ഡലത്തിലെ പൂട്ടിക്കിടക്കുന്ന തേയില തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) പീരുമേട് നിയോജകമണ്ഡലത്തിലെ പൂട്ടിക്കിടക്കുന്ന തേയില തോട്ടങ്ങളിൽ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന്റെ നേതൃത്വത്തിൽ തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ ലയങ്ങളിൽ നേരിട്ടുപോയി ഗ്രാറ്റുവിറ്റി അപേക്ഷകൾ തൊഴിലാളികളിൽ നിന്നും സ്വീകരിക്കുകയും ആയത് ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കോട്ടയത്തിനു കൈമാറിയിട്ടുള്ളതുമാണ്. ടി ഗ്രാറ്റുവിറ്റി അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി പീരുമേട് ഡെപ്യൂട്ടി ലേബർ ഓഫീസറുടെ കാര്യാലയത്തിൽ വച്ച് ആഴ്ചയിൽ 2 ദിവസം സിറ്റിംഗ് നടത്തിവരുന്നു. |
| (ബി) എത്ര തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) പീരുമേട് നിയോജകമണ്ഡലത്തിലെ പൂട്ടിക്കിടക്കുന്ന തേയില തോട്ടങ്ങളിലെ തൊഴിലാളികളിൽ നിന്നും 1182 ഗ്രാറ്റുവിറ്റി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |

Sreedas

**സെക്ഷൻ ഓഫീസർ**